# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **29-07-2015- ൽ മറുപടിക്ക്**
**ചോദ്യം നമ്പർ: 5641**

## വിഴിഞ്ഞം തുറമുഖം പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ | : | ശ്രീ. കെ.ബാബു |
| ശ്രീ. കെ.സുരേഷ് കുറുപ്പ് | : | (മത്സ്യബന്ധനവും തുറമുഖവും |
| ശ്രീ. രാജു എബ്രഹാം | : | എക്സൈസും വകുപ്പു മന്ത്രി) |
| ശ്രീ. എസ്.ശർമ്മ | : | |

(എ) വിഴിഞ്ഞം തുറമുഖം പദ്ധതിയുടെ കാര്യത്തിൽ സർക്കാർ എടുത്ത അന്തിമ തീരുമാനം വിശദമാക്കാമോ ;

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ എംപവേർഡ് കമ്മിറ്റിയുടെയും, വിഴിഞ്ഞം തുറമുഖ ബോർഡിന്റെയും ശുപാർശകൾ സർക്കാർ അംഗീകരിക്കുകയും, അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് നൽകാൻ തീരുമാനിക്കുകയും ചെയ്തു. തുടർന്ന് 13-07-2015 ന് അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡിന് ലെറ്റർ ഓഫ് അവാർഡ് നൽകി.

(ബി) സർവ്വകക്ഷി യോഗത്തിലും കമ്പനി ബോർഡ് യോഗത്തിലും ഉയർന്നുവന്ന എന്തെല്ലാം നിർദ്ദേശങ്ങൾ സർക്കാർ അംഗീകരിക്കുകയുണ്ടായി ; അവഗണിച്ചവ എന്തെല്ലാം ; മാറ്റം വരുത്തിയവ ഏതെല്ലാം ;

(ബി) സർവ്വകക്ഷി യോഗത്തിൽ ആവശ്യപ്പെട്ടതനുസരിച്ച് ബിഡ്ഡുമായി ബന്ധപ്പെട്ട എല്ലാ രേഖകളും, ഫിനാൻഷ്യൽ ബിഡ്ഡും എംപവേർഡ് കമ്മിറ്റിയുടെ ശുപാർശകളും കമ്പനിയുടെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തി.

വിഴിഞ്ഞം പദ്ധതിയ്ക്കായുള്ള എംപവേർഡ് കമ്മിറ്റിയുടെ ശുപാർശയെ തുടർന്ന് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ കമ്പനിയുടെ ബോർഡ് അദാനി പോർട്ട്സ് ആൻഡ് സ്പെഷ്യൽ എക്കണോമിക് സോൺ ലിമിറ്റഡ് സമർപ്പിച്ച ബിഡിന് അംഗീകാരം നൽകുന്നതിനുള്ള ശുപാർശയാണ് സർക്കാരിന് നൽകിയത്. ഇത് സർക്കാർ അംഗീകരിച്ചു.

ടെണ്ടർ വ്യവസ്ഥകൾ പ്രകാരം ബിഡ് ഡേറ്റിനു മുമ്പു തന്നെ അംഗീകരിച്ച് ബിഡ്ഡേഴ്സിന് നൽകിയിട്ടുള്ള കരാറിലെ ഒരു വ്യവസ്ഥകളും നിയമപരമായി മാറ്റം വരുത്തുവാൻ സാധ്യമല്ല.

(സി) ഏക ബിഡ് സ്വീകരിക്കുമ്പോൾ സർവ്വകക്ഷിയോഗത്തിലുന്നയിക്കപ്പെട്ട എന്തെങ്കിലും നിലയിലുള്ള മാറ്റങ്ങൾ ഉൾക്കൊള്ളുകയുണ്ടായോ ;

(സി) റിക്വസ്റ്റ് ഫോർ ക്വാളിഫിക്കേഷൻ (RFQ) റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ (RFP), ഡ്രാഫ്റ്റ് കൺസഷൻ എഗ്രിമെന്റ് (DCA) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നടന്നിട്ടുള്ള അന്താരാഷ്ട്ര മത്സരാധിഷ്ഠിത ടെണ്ടറിൽ നേരത്തെ അംഗീകരിച്ചു നൽകിയിട്ടുള്ള കരടു കരാറിൽ നിയമാനുസൃതം ഒരു മാറ്റവും വരുത്തുവാൻ സാധ്യമല്ല.

(ഡി) തെരഞ്ഞെടുപ്പ് കമ്മിഷന്റെ പ്രത്യേക അംഗീകാരം പോലും വാങ്ങിക്കൊണ്ടുള്ള വളരെ ധൃതി പിടിച്ച നടപടികൾ പെട്ടെന്ന് സാവധാനത്തിലാകാൻ കാരണം എന്തായിരുന്നു ;

(ഡി) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കുള്ള ബിഡ് നൽകുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കുന്നതിനുള്ള കാലതാമസം മാത്രമേ ഈ കാര്യത്തിൽ സർക്കാരിന് ഉണ്ടായിട്ടുള്ളൂ.

(ഇ) അദാനിയുടെ ബിഡിന്റെ കാര്യത്തിൽ ഏതെല്ലാം മേഖലകളിൽ നിന്ന് എതിർപ്പ് രേഖപ്പെടുത്തുകയുണ്ടായിട്ടുണ്ട് ; വിശദമാക്കുമോ ?

(ഇ) സർവ്വകക്ഷി യോഗത്തിൽ പ്രതിപക്ഷ നേതാവ് നൽകിയ കുറിപ്പ് അല്ലാതെ മറ്റു കുറിപ്പുകളൊന്നും ഔദ്യോഗികമായി രേഖപ്പെടുത്തിയിട്ടില്ല.

സെക്ഷൻ ഓഫീസർ